# ബഹ്റിൻ കേരളീയ സമാജം
# The Bahrain Keraleeya Samajam

## ഘോഷയാത്രാ മത്സരം
## നിബന്ധനകൾ :

1. ഘോഷയാത്രയിൽ നാടൻ കലാ രൂപങ്ങൾ, നിശ്ചല ദൃശ്യങ്ങൾ, അനുഷ്ടാന കലകൾ, വാദ്യമേളങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
2. വാദ്യമേളങ്ങൾ സമാജം ഹാളിനകത്ത് മാത്രമേ ഉപയോഗിക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.
3. ഒരു സംഘടനയ്ക്ക് ഒരു ടീമിനെ മാത്രമേ പങ്കെടുപ്പിക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.
4. സംഘടനയുടെ / ടീമിന്റെ ബാനർ പ്ലക്കാർഡുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ് (2 മീ X 1 മീ).
5. മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ മുൻഗണനാ ക്രമം നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതായിരിക്കും.
6. വ്യക്തികൾ, സംഘടനകൾ, മത, രാഷ്ട്രീയ, സാമൂഹ്യ പ്രസ്ഥാനങ്ങൾ എന്നിവയെ അധിക്ഷേപിക്കുന്ന വിഷയങ്ങളോ ദൃശ്യങ്ങളോ ഘോഷയാത്രയിൽ അനുവദനീയമല്ല. ഘോഷയാത്ര ഓണത്തിന്റെ ഐക്യവും പ്രാധാന്യവും പ്രതിബിംബിക്കുന്ന സന്ദേശമാണ് നൽകേണ്ടത്. അതുകൊണ്ട് തന്നെ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെയും മതത്തെയും പ്രതിനിധീകരിക്കുന്ന സന്ദേശങ്ങളോ ദൃശ്യങ്ങളോ മൂകവചിക അഭിനയങ്ങളോ മുദ്രാവാക്യങ്ങളോ നിശ്ചലദൃശ്യങ്ങളോ മറ്റൊന്നും തന്നെ ഒരു മത, ജാതി, രാഷ്ടീയ സാംസ്കാരിക സംഘടനങ്ങളെയോ വ്യക്തികളെയോ ആതിഥേയ രാഷ്ട്രത്തിന്റെ അനുഷ്ടാനങ്ങളെയോ ആക്ഷേപിക്കുന്നതോ പരിഹസിക്കുന്നതോ ആകാൻ പാടുള്ളതല്ല. ഘോഷയാത്ര ക്യാപ്റ്റൻ ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
7. വിധി കർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
8. ഫ്ളോട്ടുകളും മറ്റു ഉപകരണങ്ങളും സമാജത്തിന്റെ സ്ഥല പരിമിതിക്കുള്ളിൽ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ തയ്യാറാക്കപ്പെട്ടതായിരിക്കണം. പരമാവധി 8 അടി ഉയരവും 8 അടി വീതിയും 14 അടി നീളവും ഉള്ള ഫ്ളോട്ടുകൾ അനുയോജ്യമെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും ഓഡിറ്റോറിയം സീറ്റിംഗിന്റെ വിന്യാസം, വാതിലിന്റെ അളവ്, ഫ്ളോട്ടുകൾ തിരിഞ്ഞു വാരാനുള്ള സ്ഥലപരിമിതി തുടങ്ങിയ കാര്യങ്ങൾ ഘോഷയാത്ര അവതരിപ്പിക്കുന്ന ടീം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സ്ഥലപരിമിതികളെ കുറിച്ചുള്ള പൂർണ്ണ ബോധ്യം ഘോഷയാത്ര ടീം ഉറപ്പു വരുത്തേണ്ടതാകുന്നു. ഇത് സംബന്ധിച്ച് യാതൊരു വാദപ്രതിവാദങ്ങളും അനുവാദനീയമല്ല.
9. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ടീമുകൾക്ക് യഥാക്രമം 400, 300, 200 ഡോളറും ട്രോഫിയും നൽകുന്നതാണ്.
10. വ്യക്തിഗത വേഷങ്ങൾക്കും - ഏറ്റവും നല്ല മാവേലി വേഷത്തിനും പ്രത്യേക സമ്മനങ്ങൾ നൽകുന്നതായിരിക്കും.
11. ഘോഷയാത്രയ്ക്കായി സമാജത്തിന്റെ പ്രോപ്രട്ടീസോ ലൈറ്റിസോ ലഭ്യമാകുന്നതല്ല. വേഷവിധാനത്തിനുള്ള സ്ഥല സൗകര്യം ആവശ്യമുള്ളവർ സെപ്റ്റംബർ 6-നകം സംഘാടക സമിതിയുമായി ബന്ധപ്പെടണം. നിലവിൽ സമാജം അങ്കണത്തിൽ ഉള്ള സൗകര്യങ്ങൾ അല്ലാതെ മറ്റ് സൗകര്യങ്ങൾ ഒരു ടീമിനും ലഭ്യമാക്കുന്നതല്ല.
12. വേഷവിധാനങ്ങളിലും മൂകവാചിക അംഗവിക്ഷേപങ്ങളിലും മാന്യതയും മൂല്യവും കാത്തു സൂക്ഷിക്കാൻ ഘോഷയാത്രയിൽ പങ്കെടുക്കുന്ന ടീം നിർബ്ബന്ധിതമാണ്.
13. പങ്കെടുക്കുന്നവർ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ബാധ്യസ്ഥരായിരിക്കും.
14. കൂടുതൽ വിവരങ്ങൾക്ക് ശിവകുമാർ കൊല്ലാറോത്ത് 36164477 / ഷാജഹാൻ 39297836 / ഹരികൃഷ്ണൻ 34501413 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# രജിസ്ട്രേഷൻ ഫോറം

<table>
<tr><th colspan="4">ടീമിന്റെ പേര് വിവരം</th></tr>
<tr><td>പങ്കെടുക്കുന്ന ടീമിന്റെ പേര്</td><td colspan="3"></td></tr>
<tr><td>ടീം ക്യാപ്റ്റൻ</td><td colspan="3"></td></tr>
<tr><td>മൊബൈൽ</td><td></td><td>ഇ-മെയിൽ</td><td></td></tr>
<tr><td>പങ്കെടുക്കുന്ന ആളുകളുടെ എണ്ണം</td><td colspan="3"></td></tr>
<tr><td>പങ്കെടുക്കുന്ന ഇനങ്ങൾ</td><td colspan="3"></td></tr>
<tr><td>ഒപ്പ്</td><td colspan="3"></td></tr>
<tr><td>തീയതി</td><td colspan="3"></td></tr>
</table>

<table>
<tr><th colspan="3">ഓഫീസ് ആവശ്യത്തിന് മാത്രം</th></tr>
<tr><td>Entry checked by</td><td>Accepted by</td><td>Remarks</td></tr>
<tr><td></td><td></td><td></td></tr>
</table>